# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5217** — **27.06.2019 - ൽ മറുപടിക്ക്.**

## ഇ-പോസ് സംവിധാനത്തിന്റെ ന്യൂനതകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻകടകളിൽ ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയത് പൊതുവിൽ ഗുണകരമാണെങ്കിലും വൃദ്ധരായ അംഗങ്ങൾ മാത്രമുള്ള കുടുംബങ്ങൾക്ക് ഇതിലൂടെ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>**(ബി)** റേഷൻകടകളിൽ നേരിട്ട് ഹാജരായി റേഷൻ വാങ്ങാൻ സാധിക്കാത്തതിനാൽ ഇവർക്ക് അർഹമായ റേഷൻ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ;<br><br>**(സി)** ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്ന തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | **(എ)** **യും** **(ബി)** **യും** **(സി)** **യും** ഉണ്ട്. നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത വൃദ്ധരും കിടപ്പിലായവരും രോഗികളായവരുമായ കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിക്കുന്നതിനും അർഹരായ റേഷൻ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനും സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നല്കിയാൽ മതിയാകും. നാളിതുവരെ 26536 പേരെ പ്രോക്സി സംവിധാനം മുഖേന ഉൾപ്പെടുത്തിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*